**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.341 03.03.2020-ൽ മറുപടിക്ക്**

## നികുതി വെട്ടിപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം വ്യാപാരികൾ വ്യാപകമായ തോതിൽ നികുതി വെട്ടിപ്പ് നടത്തുന്നുവെന്ന കാര്യം വസ്തുതാപരമാണോ; | (എ) | ജി.എസ്.ടി. നടപ്പിലാക്കിയശേഷം വ്യാപകമായ തോതിൽ നികുതി വെട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വാർഷിക റിട്ടേണുകൾ യഥാസമയം ലഭ്യമാകാതിരുന്നതും, ഇ-വേ ബിൽ തത്സമയം ഡൗൺലോഡ് ചെയ്ത് കിട്ടാത്തതുമെല്ലാം മൂലം നികുതി വെട്ടിപ്പ് നിയമപരമായി പരിശോധിച്ച് സ്ഥാപിക്കുന്നതിന് പ്രയാസം നേരിട്ടു. |
| (ബി) | നികുതി വെട്ടിപ്പിലൂടെ സംസ്ഥാനത്തിന് എത്ര കോടി രൂപയുടെ നഷ്ടം ആണ് ഇതിനകം സംഭവിച്ചിട്ടുള്ളത്; | (ബി) | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | നികുതി വെട്ടിപ്പ് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അത് ഫലപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; | (സി) | നികുതി വെട്ടിപ്പ് തടയുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്കൂട്ടിണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിക്കാനാകും. നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചു പിടിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.<br>2. ജി.എസ്.ടി.ആർ-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ-3 ബി, ജി.എസ്.ടി.ആർ-1 ഇവ തമ്മിലുള്ള താരതമ്യം, ഈ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.<br>3. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം |

| | | | |
|---|---|---|---|
| | | | (എ.എൻ.പി.ആർ)പരീക്ഷണാടിസ്ഥാനത്തിൽ വാളയാർ ഹൈവേയിൽ നടപ്പിലാക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ പറ്റുമെന്ന് തെളിഞ്ഞിട്ടുണ്ട്. ഇ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഇതിനെ സംബന്ധിച്ച് പ്രധാന അതിർത്തി മേഖലകളിൽ ഈ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള കരാർ നടപടികൾ പൂർത്തിയായി കഴിഞ്ഞു. GSTN തത്സമയമായ ഇ-വേ ബില്ല് ഡേറ്റ തരുന്നതിനുള്ള സാങ്കേതിക സംവിധാനവും ലഭിച്ചു.<br>4. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br>5. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചരക്കുസേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബില്ല് കൊടുക്കുന്നുണ്ടോയെന്ന് ടെസ്റ്റ് പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നു. |
| (ഡി) | റെയിൽ വഴിയുള്ള തട്ടിപ്പ് തടയുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഓൺലൈൻ വില്പനയിലൂടെ ഉണ്ടാകുന്ന നികുതി വെട്ടിപ്പ് തടയുന്നതിന് സൈബർ ഫോറൻസിക് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | റെയിൽ വഴിയുള്ള ചരക്കു നീക്കത്തിനും ഇ-വേ ബിൽ ബാധകമാണ്. റെയിൽ വഴിയുള്ള തട്ടിപ്പ് തടയുന്നതിന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം പ്രത്യേക പരിശോധന നടത്തി കുറ്റക്കാർക്കെതിരെ പിഴ ചുമത്തുന്നുണ്ട്. ഓൺലൈൻ പ്ലാറ്റ്ഫോം ഉള്ളവരുടെ റിട്ടേൺ, അവയിൽകൂടി വില്പന നടത്തിയ വ്യാപാരികളുടെ റിട്ടേൺ, |

| | | | |
|---|---|---|---|
| | | | ഇതുസംബന്ധിച്ച് കൊറിയർ കമ്പനികൾ ഫയൽ ചെയ്യുന്ന ഇ-വേ ബിൽ എന്നിവയുമായി വിവരങ്ങൾ ഒത്തുനോക്കി പൊരുത്തക്കേട് കണ്ടുപിടിക്കുന്നതിനും നടപടികൾ എടുക്കുന്നതിനുമുള്ള അനലറ്റിക്സ് സംവിധാനം നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ.